# ഇളകാത്ത സ്ഥിരതയുള്ള വിശ്വാസം

## കൊലൊസ്സ്യർ 1:23

**‘‘നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുമ്പിൽ നില്ക്കും.’’**

സകലവും ഇളകി മറിഞ്ഞുകൊണ്ടിരിക്കുന്ന, അടിസ്ഥാനം മാറിമറിയുന്ന അവസ്ഥ യിൽ ലോകം ഓടിക്കൊണ്ടിരിക്കുന്നു. അതിന്റെ നടുവിലും ദൈവത്തിൽ അടിസ്ഥാനവും, ഉറപ്പും ഉള്ള ഒരുവന്റെ ആശ്വാസവും ധൈര്യവും ആണ് ഈ വചനഭാഗം. അപ്പൊസ്തല നായ പൗലോസ് സകല സൃഷ്ടികളുടേയും ഇടയിൽ ഘോഷിച്ചതായ സുവിശേഷത്തിന്റെ ശക്തി ഇവിടെ വിളംബരം ചെയ്യുന്നു.

പ്രിയരേ, ഓരോ ദിവസവും, ഓരോ നിമിഷവും നാം കാണുന്നതും കേൾക്കു ന്നതുമൊക്കെ നമ്മെ ഭയപ്പെടുത്തുകയും ഭാരപ്പെടുത്തുകയും ചെയ്യുന്നത് മാത്രമാകുന്നു. അടിസ്ഥാനം വളരെ ഭംഗിയായി ഉറപ്പിച്ചു തീർത്ത മാളികകളും കെട്ടിടങ്ങളും നിമിഷം കൊണ്ട് വെള്ളപ്പാച്ചിലിൽ നീങ്ങിപ്പോയതായി നാം കണ്ടു. പ്രകൃതിയിലൂടെ തമ്പുരാൻ പലതും കാണിച്ചു, പഠിപ്പിച്ചു.

ലോകത്തിലുള്ള ഒന്നിലും ആശ്രയമോ അടിസ്ഥാനമോ വേണ്ട എന്ന മഹാസത്യം ദൈവം വീണ്ടും കാണിച്ചു തന്നപ്പോൾ മാറാത്ത അടിസ്ഥാനം ഒന്നു മാത്രമായ കർത്താ വിൽ മാത്രം നമുക്ക് ശരണപ്പെടാം. ഇനി നമുക്കു മുമ്പിലുള്ള സമയം എത്രയെന്നോ എ പ്പോഴെന്നോ എന്നല്ല, നമ്മെ കേൾപ്പിച്ചതായ സുവിശേഷത്തിന്റെ പ്രത്യാശയിൽ ഇളകാതെ സ്ഥിരതയുള്ളവരായി, അടിസ്ഥാനപ്പെട്ടവരായി വിശ്വാസത്തിൽ നിലനിൽക്കാൻ നമുക്ക് പ്രാർത്ഥിക്കാം. പൗലോസ് ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ വീണ്ടും വീണ്ടും ഈ സത്യം നമ്മിൽ ഉറപ്പിക്കുന്നു.

ഇന്നത്തെ ലോകസ്ഥിതിഗതികളിലും സംഭവവികാസങ്ങളുടെയും മധ്യത്തിൽ ഇത് ദുഷ്ക്കരമാണെന്ന് മനസ്സിലാക്കാം. വചനം പറയന്നു, ഈ കാണുന്നതെല്ലാം മാറിപ്പോകും. എന്നാൽ മാറിപ്പോകാതെ നിലനിൽക്കുന്നത് ഒന്നുമാത്രം. ‘ദൈവത്തിന്റെ മാറ്റമില്ലാത്ത വചനം’. അത് കേൾക്കുവാനും, അറിയുവാനും അവസരം ലഭിച്ചെങ്കിൽ അത് മാത്രം ഭാഗ്യ കരം എന്ന് ഓർത്ത് അവനെ സ്തുതിക്കാം. ക്രിസ്തുസുവിശേഷത്തെ തുച്ഛീകരിക്കുന്ന സമൂഹമധ്യേ ഈ സുവിശേഷത്തിന്റെ നല്ല സാക്ഷികളായി പ്രത്യാശയിൽ ഉറപ്പുള്ളവ രായി കർത്താവിൽ പണിയപ്പെടാൻ നമുക്കേവർക്കും ഏല്പിച്ചു കൊടുക്കാം.

ലോകത്തിന്റെ കെടുതികളിലും ദുരന്തങ്ങളിലും എന്തൊക്കെ നഷ്ടപ്പെട്ടാലും കർത്താവിന്റെ മുമ്പിൽ ധൈര്യത്തോടെ നില്ക്കണം. ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ പ്രത്യാശയും ഉറപ്പും അതായിരിക്കണം. അതേ, കർത്താവ് വരും, അവന്റെ നാൾ അടുക്കുന്നു. അനേക ആത്മാക്കളുടെ ഹൃദയങ്ങളിൽ ഈ സത്യവചനത്തിന്റെ ശക്തി ഒന്ന് തുളച്ചിറങ്ങി സ്വാതന്ത്ര്യം ലഭിപ്പാൻ പ്രാർത്ഥിക്കേണ്ട സമയം ഏറ്റവും അടുത്തിരിക്കുന്നു. നമ്മെ കേൾപ്പിച്ച ദൈവവചനം, സുവിശേഷം, അതിൽ മാത്രം ആശ്രയിച്ചുകൊണ്ട് കർത്താവിൽ ഉറപ്പുള്ളവരായി, വിശ്വാസത്തിൽ നിലനിൽക്കാൻ നമ്മെ ശക്തിപ്പെടുത്ത ണമേ എന്ന് പ്രാർത്ഥിക്കാം. ലോകത്തിലെ സകലതിന്റെയും ഉറപ്പ്, അടിസ്ഥാനം ഒരു ചോദ്യചിഹ്നമായി നിൽക്കുമ്പോൾ കർത്താവിന്റെ മക്കൾക്ക് ഉറപ്പുണ്ട്, പ്രത്യാശയുണ്ട്, സ്ഥിരതയുണ്ട്, അടിസ്ഥാനമുണ്ട്. എത്രവലിയ ഭാഗ്യപദവി. അതേ, അവന്റെ മുമ്പിൽ നിൽക്കും. ഈ ഉറപ്പ് എത്രയധികം ഇന്നു നമുക്കുണ്ട് എന്ന വലിയ ചോദ്യത്തെ കർത്തൃക രങ്ങളിൽ ഏല്പിക്കാം. കർത്താവ് നമുക്കേവർക്കും അതിനുവേണ്ട ധൈര്യവും കൃപയും പകരുമാറാകട്ടെ.

പരാമർശം:

1 കൊരിന്ത്യർ 15:58

ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 119